പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3989 — 25.06.2014- ൽ മറുപടിക്ക്

## ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>" തേറമ്പിൽ രാമകൃഷ്ണൻ<br>" സണ്ണി ജോസഫ്<br>" എം. പി. വിൻസെന്റ് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി കർമ്മപരിപാടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ഫുഡ്സേഫ്ടി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് ഫലപ്രദമായി സംസ്ഥാനത്ത് നടപ്പിലാക്കുവാൻ കർശനമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br>ഫുഡ്സേഫ്ടി ആക്ട് നിഷ്കർഷിക്കുന്ന പ്രകാരം, ഫുഡ്സേഫ്ടി കമ്മീഷണർ, ജില്ലാതല ഡെസിഗ്നേറ്റഡ് ഓഫീസർമാർ, സർക്കിൾതല ഫുഡ് സേഫ്ടി ഓഫീസർമാർ എന്നിവരെ നിയമിച്ചുകൊണ്ട് വിജ്ഞാപനം ചെയ്തിട്ടുണ്ട്.<br>നിലവിൽ സംസ്ഥാനത്ത് 98 ഫുഡ് ഇൻസ്പെക്ടർമാരുടെ തസ്തികകളാണ് ഉണ്ടായിരുന്നത്. ഇത് തികച്ചും അപര്യാപ്തമായതിനാൽ, 57 ഫുഡ് സേഫ്ടി ഓഫീസർമാരുടെ അധിക തസ്തികകൾ ഈ സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ഭരണ സംവിധാനം കാര്യക്ഷമമാക്കുവാനായി കമ്മീഷണറേറ്റിൽ രണ്ട് ജോയിന്റ് ഫുഡ് സേഫ്ടി കമ്മീഷണർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇപ്പോൾ നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ശുപാർശപ്രകാരം ഫുഡ് സേഫ്ടി ഓഫീസർമാരുടെ അധികാരപരിധി നിയമസഭാമണ്ഡല അടിസ്ഥാനത്തിൽ പുനർവിന്യാസം നടത്തി 140 സർക്കിളുകൾ രൂപീകരിച്ചിട്ടുണ്ട്.<br>സംസ്ഥാനത്ത്, ആഹാരപദാർത്ഥങ്ങൾ പരിശോധിക്കുവാൻ തിരുവനന്തപുരം. കൊച്ചി. കോഴിക്കോട് എന്നിവിടങ്ങളിൽ അനലിറ്റിക്കൽ ലാബുകൾ പ്രവർത്തിച്ചു വരുന്നു. ഈ ലാബുകൾക്ക് ദേശീയ അംഗീകാരം (NABL) കിട്ടുന്നതിനായി വേണ്ടുന്ന നടപടികൾ ത്വരിതഗതിയിൽ ആക്കിയിട്ടുണ്ട്. തിരുവനന്തപുരം അനലിറ്റിക്കൽ ലാബിന്റെ അക്രഡിറ്റേഷൻ പ്രവൃത്തികൾ 80%-ത്തിലധികം പൂർത്തീകരിച്ചിട്ടുണ്ട്. എതാനും മാസങ്ങൾക്കുള്ളിൽ അക്രഡിറ്റേഷൻ നടപടികൾ പൂർത്തിയാക്കാൻ സാധിക്കുന്ന താണ്.<br>ഫുഡ് സേഫ്ടി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ, ലബോറട്ടറി |

| | | | |
|---|---|---|---|
| | | | അക്രഡിറ്റേഷൻ നടപടികളുടെ ഭാഗമായി, രാജ്യത്തെ തിരഞ്ഞെടുക്കപ്പെട്ട 35 സർക്കാർ അനലിറ്റിക്കൽ ലാബുകൾ നവീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആദ്യഘട്ടത്തിൽ തന്നെ കേരളത്തിലെ മൂന്നു ലാബുകൾക്ക് അത്യാധുനിക ഉപകരണങ്ങളും മറ്റ് സൗകര്യങ്ങൾക്കുമായി 12 കോടി രൂപയുടെ സഹായം നൽകുവാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഇതിന്റെ മറ്റു മാർഗ്ഗനിർദ്ദേശങ്ങൾക്കായി ഫുഡ് സേഫ്ടി കമ്മീഷണർ, ഫുഡ് സേഫ്ടി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റിയുമായി ബന്ധപ്പെട്ടിട്ടുണ്ട്.<br>സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷക്കാലം ഭക്ഷ്യ ഉൽപ്പാദകർക്കും വിതരണക്കാർക്കും ലൈസൻസ് /രജിസ്ട്രേഷൻ ഇവ നൽകിയ ഇനത്തിൽ 14.1 കോടി രൂപ സർക്കാർ ഖജനാവിലേക്ക് എത്തിയിട്ടുണ്ട്. കൂടാതെ ഭക്ഷ്യവ്യാപാരികൾക്ക് ഭക്ഷ്യസുരക്ഷയെ സംബന്ധിച്ച് ബോധവൽക്കരണവും പരിശീലനവും നൽകുന്നതിനായി മൂവായിരത്തിലധികം ക്ലാസ്സുകൾ സംസ്ഥാനത്തുടനീളം സംഘടിപ്പിച്ചിട്ടുണ്ട്.<br>പൊതുജനങ്ങളുടെ പരാതികൾക്ക് ഉടൻതന്നെ പരിഹാരം കണ്ടെത്തുന്നതിനായി പൊതുജനങ്ങൾക്കായി ടോൾഫ്രീ നമ്പറിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട് (1800 425 1125). |
| ബി) | ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) | കേന്ദ്ര ഗവൺമെന്റ് പാസാക്കിയ ഫുഡ്സേഫ്ടി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ടിൽ പ്രതിപാദിച്ചിട്ടുള്ള ഉദ്ദേശ ലക്ഷ്യങ്ങളാണ് അതാത് സംസ്ഥാനങ്ങൾ നടപ്പാക്കുന്നത്. സംസ്ഥാനത്തിനകത്ത് സംഭരിക്കുന്നതും വില്പന നടത്തുന്നതുമായ എല്ലാ ഭക്ഷണപദാർത്ഥങ്ങളും നിയമം അനുശാസിക്കുന്നവിധം ശുദ്ധവും സുരക്ഷിതവും ആയിരിക്കണമെന്നുള്ള താണ് ഈ നിയമത്തിന്റെ പ്രധാന ഉദ്ദേശലക്ഷ്യം. ഇതനുസരിച്ച്, ധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, മത്സ്യം, മാംസം, ജലം, പാൽ തുടങ്ങി മനുഷ്യന് ആഹാരമായിട്ടുള്ള മുഴുവൻ വസ്തുക്കളും ജനിതകമാറ്റം വരുത്തിയ ആഹാരപദാർത്ഥങ്ങൾ, പോഷകമൂല്യം വർദ്ധിപ്പിച്ചിട്ടുള്ള ആഹാരപദാർത്ഥങ്ങൾ (Neutraceuticals) ആരോഗ്യപാനീയങ്ങൾ, ആൽക്കഹോൾ എന്നിവയും ഈ നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്. |
| സി) | പ്രസ്തുതപരിപാടിയുമായി സഹകരിക്കുന്നത് ആരെല്ലാമാണെന്ന് വിശദമാക്കുമോ; | സി) | ഈ നിയമം സംസ്ഥാനത്ത് നടപ്പിലാക്കേണ്ടത് നിയമാനുസൃതം നിയമിക്കപ്പെടുന്ന ഭക്ഷ്യസുരക്ഷാ കമ്മീഷണർ, ജില്ലാ ഡെസിഗ്നേറ്റഡ്ഓഫീസർമാർ. ഫുഡ്സേഫ്ടി ഓഫീസർമാർ, ഫുഡ് അനലിസ്റ്റ് എന്നി ഔദ്യോഗിക പദവികൾ വഹിക്കുന്നവരിലൂടെയാണ്. കൂടാതെ, കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള (NABL) അക്രഡിറ്റഡ് |

| | | | |
|---|---|---|---|
| | | | ലാബുകളുടേയും സേവനം, വ്യാപാരികൾക്കും നിയമാനുസൃതം ഉപയോഗപ്പെടുത്താവുന്നതാണ്. |
| ഡി) | ഇതിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്; വ്യക്തമാക്കുമോ? | ഡി) | ഫുഡ്സേഫ്ടി ആക്ട് നിഷ്കർഷിക്കുന്ന പ്രകാരം ഫുഡ്സേഫ്ടി കമ്മീഷണർ, ജില്ലാതല ഡെസിഗ്നേറ്റഡ് ഓഫീസർമാർ, സർക്കിൾ തല ഫുഡ്സേഫ്ടി ഓഫീസർമാർ എന്നിവരെ നിയമിച്ചുകൊണ്ട് വിജ്ഞാപനം ചെയ്തിട്ടുണ്ട്.<br>സംസ്ഥാനത്ത് 98 ഫുഡ് ഇൻസ്പെക്ടർമാരുടെ തസ്തികകളാണ് ഉണ്ടായിരുന്നത് ഇത് തികച്ചും അപര്യാപ്തമായതിനാൽ 57 ഫുഡ് സേഫ്ടി ഓഫീസർമാരുടെ അധിക തസ്തികകൾ ഈ സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ഭരണ സംവിധാനം കാര്യക്ഷമമാക്കുവാൻ കമ്മീഷണറേറ്റിൽ രണ്ട് ജോയിന്റ് ഫുഡ് സേഫ്ടികമ്മീഷണർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇപ്പോൾ നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ശുപാർശപ്രകാരം ഫുഡ് സേഫ്ടി ഓഫീസർമാരുടെ അധികാരപരിധി നിയമ സഭാമണ്ഡല അടിസ്ഥാനത്തിൽ പുനർ വിന്യാസം നടത്തി 140 സർക്കിളുകൾ രൂപീകരിച്ചിട്ടുണ്ട്.<br>സംസ്ഥാനത്ത് ആഹാരപദാർത്ഥങ്ങൾ പരിശോധിക്കുവാൻ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവടങ്ങളിൽ അനലിറ്റിക്കൽ ലാബുകൾ പ്രവർത്തിച്ചു വരുന്നു. ഈ ലാബുകൾക്ക് ദേശീയ അംഗീകാരം (NABL) കിട്ടുന്നതിനായി വേണ്ടുന്ന നടപടികൾ ത്വരിതഗതിയിൽ ആക്കിയിട്ടുണ്ട്. തിരുവനന്തപുരം അനലിറ്റിക്കൽ ലാബിന്റെ അക്രഡിറ്റേഷൻ പ്രവൃത്തികൾ 80%ത്തിലധികം പൂർത്തീകരിച്ചിട്ടുണ്ട്. വരുന്ന എതാനും മാസത്തിനകം അക്രഡിറ്റേഷൻ നടപടികൾ പൂർത്തിയാക്കാൻ സാധിക്കുന്നതാണ്.<br>ഫുഡ്സേഫ്ടി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ, ലബോറട്ടറി അക്രഡിറ്റേഷൻ നടപടികളുടെ ഭാഗമായി രാജ്യത്തെ തിരഞ്ഞെടുക്കപ്പെട്ട 35 സർക്കാർ അനലിറ്റിക്കൽ ലാബുകൾ നവീകരിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. ഇതിൽ ആദ്യഘട്ടത്തിൽ തന്നെ കേരളത്തിലെ മൂന്ന് ലാബുകൾക്ക് അത്യാധുനിക ഉപകരണങ്ങളും മറ്റ് സൗകര്യങ്ങൾക്കുമായി 12 കോടി രൂപയുടെ സഹായം നൽകുവാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട് ഇതിന്റെ മറ്റു മാർഗ്ഗനിർദ്ദേശങ്ങൾക്കായി ഫുഡ്സേഫ്ടി കമ്മീഷണർ ഫുഡ് സേഫ്ടി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റിയുമായി ബന്ധപ്പെട്ടിട്ടുണ്ട്.<br>സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷക്കാലം ഭക്ഷ്യ ഉത്പാദകർക്കും വിതരണക്കാർക്കും ലൈസൻസ് /രജിസ്ട്രേഷൻ ഇവ നൽകിയ ഇനത്തിൽ 14.1 കോടി രൂപ സർക്കാർ |

| | | | |
|---|---|---|---|
| | | | ഖജനാവിലേക്ക് എത്തിയിട്ടുണ്ട്. കൂടാതെ ഭക്ഷ്യവ്യാപാരികൾക്ക് ഭക്ഷ്യസുരക്ഷയെ സംബന്ധിച്ച് ബോധവൽകരണവും പരിശീലനവും നൽകുന്നതിനായി മൂവായിരത്തിലധികം ക്ലാസ്സുകൾ സംസ്ഥാനത്തുടനീളം സംഘടിപ്പിച്ചിട്ടുണ്ട്.<br>പൊതുജനങ്ങളുടെ പരാതികൾക്ക് ഉടൻ തന്നെ പരിഹാരം കണ്ടെത്തുന്നതിനായി ടോൾ ഫ്രീ നമ്പറിന്റെ (1800 425 1125) സേവനവും ലഭ്യമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**